ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല

(ബി) ന്യൂനപക്ഷക്ഷേമവകുപ്പ് വഴി നല്കിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കുള്ള ഭവന പദ്ധതിക്ക് ഒരു ഗുണഭോക്താവിന് (മുൻവർഷങ്ങളിൽ 2 ലക്ഷം രൂപ) നടപ്പുവർഷം 2.5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിനു കീഴിൽ ജില്ലാതല ആഫീസുകൾ ആരംഭിക്കുന്നതിന് 10-8-2015-ലെ സ.ഉ.(പി)നമ്പർ 217/15/പൊ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇ-പേമെന്റ് വഴി കർഷക ആനുകൂല്യങ്ങൾ

139 (1610) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ - പേമെന്റ് വഴി നൽകാൻ പദ്ധതിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ.ഉ.(എം.എസ്) 152/2012/കൃ.വ. തീയതി 19-6-2012 പ്രകാരം 2012-13 വർഷം മുതൽ കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നല്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങി. 2012-13 സാമ്പത്തിക വർഷത്തിൽ 275.77 കോടി രൂപയും, 2013-14 വർഷം 396.74 കോടി രൂപയും 2014-15 വർഷം 365.43 കോടി രൂപയും 2015-16-ൽ 144.37 കോടി രൂപയും കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന ഇതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ് വെയർ സംവിധാനം ഉപയോഗപ്പെടുത്തി സുതാര്യതയോടെ ഇ-പേയ്മെന്റ് പ്രക്രിയ നടത്തുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും അവരുടെ കൃഷിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒട്ടും കാലതാമസം വരാതിരിക്കാനും കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്നു.

മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. മൊത്തം സബ്സിഡി തുക കോർ ബാങ്കിംഗ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

(സി) കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നല്കുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കുകയും ആയത് പ്രകാരം അക്കൗണ്ടുകൾ എല്ലായിടത്തും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നേരിട്ട് കർഷകന്റെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നു. സംസ്ഥാനത്തൊട്ടാകെ ഇത് ഇപ്പോൾ നടന്നുവരുന്നു. സർക്കാർതലത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ യോഗം വിളിക്കുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നല്കിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly